## പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3839 — 21.06.2018-ലെ മറുപടിയ്ക്ക്

## ചേലാട് അന്താരാഷ്ട്ര സ്പോർട്സ് കോംപ്ലക്സ്

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.ആന്റണി ജോൺ** | | **ശ്രീ.എ.സി.മൊയ്തീൻ**<br>ബഹു.വ്യവസായവും വാണിജ്യവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി | |
| (എ) | 2016-17 ലെ ബജറ്റ് പ്രസംഗത്തിൽ കിഫ്ബി പദ്ധതി പ്രകാരം 10 കോടി രൂപ വകയിരുത്തിയിട്ടുള്ള ചേലാട് അന്താരാഷ്ട്ര സ്പോർട്സ് കോംപ്ലക്സിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; | (എ), (ബി), (സി) & (ഡി) | 2016-17-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിക്കുമെന്ന് പ്രഖ്യാപിച്ച കോതമംഗലം ചേലാട് സ്റ്റേഡിയം നിർമ്മാണത്തിനുദ്ദേശിക്കുന്ന സ്ഥലം കായിക എഞ്ചിനീയറിംഗ് വിഭാഗം, കായിക വകുപ്പിലെ കിഫ്ബി പദ്ധതികളുടെ എസ്.പി.വി ആയ കിറ്റ്കോയിലെ പ്രതിനിധികളുമായി ചേർന്ന് സന്ദർശിച്ചിരുന്നു. പദ്ധതി പ്രദേശത്ത് പൊതുമരാമത്ത് വകുപ്പ് നടത്തി വന്നിരുന്ന പ്രവർത്തനങ്ങൾ അവസാനിപ്പിച്ചതായി 21.04.2018-ലെ സ.ഉ(ആർ.റ്റി)നം.724/2018/ പി.ഡബ്ല്യൂ.ഡി പ്രകാരം ഉത്തരവായതിനാൽ പദ്ധതി രൂപരേഖ തയ്യാറാക്കി കിഫ്ബിയിൽ സമർപ്പിക്കുവാനുള്ള നിർദ്ദേശം കിറ്റ്കോയ്ക്ക് നൽകിയിട്ടുണ്ട്. കിഫ്ബിയുടേയും സാങ്കേതിക സമിതിയുടേയും അനുമതി ലഭിക്കുന്ന മുറയ്ക്ക് സ്ഥലം കൈമാറ്റത്തിനായി ധാരണാപത്രം ഒപ്പിടുന്നതും നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതുമാണ്. |
| (ബി) | പ്രസ്തുത സ്ഥലത്ത് പൊതുമരാമത്ത് വകുപ്പ് നടത്തിവന്നിരുന്ന പ്രവർത്തനങ്ങൾ അവസാനിപ്പിച്ച് കോൺട്രാക്ടറെ വിത്തൗട്ട് റിസ്ക് ആന്റ് കോസ്റ്റിൽ ഒഴിവാക്കിയത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; | | |
| (സി) | പ്രസ്തുത സ്ഥലം കായിക വകുപ്പിന് കൈമാറുന്നതിന് വേണ്ട നടപടി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ; ഇതിനുവേണ്ടി സ്വീകരിച്ച നടപടി വിശദീകരിക്കുമോ; | | |
| (ഡി) | സ്റ്റേഡിയത്തിന്റെ നിർമ്മാണ പ്രവർത്തനം എന്നത്തേക്ക് ആരംഭിക്കുവാൻ കഴിയും എന്ന് വ്യക്തമാക്കാമോ? | | |

**സെക്ഷൻ ഓഫീസർ**